# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 29 | 2019 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664

www.sabarimal.kerala.gov.in, prdsabarimala2020@gmail.com

---

### മകരവിളക്ക് മഹോത്സവകാല തീർത്ഥാടനത്തിന് ഇന്ന് (ഡിസംബർ 30) തുടക്കം

ശബരിമല: മകരവിളക്ക് മഹോത്സവ കാലത്തിന് ഇന്ന് (30) തുടക്കം. വൈകിട്ട് അഞ്ചിന് മേൽശാന്തി എ കെ സുധീർ നമ്പൂതിരി നട തുറക്കും. തുടർന്ന് ആഴി തെളിയിക്കും. അതിനുശേഷം തീർത്ഥാടകർക്ക് ദർശനം നടത്താം. ഇന്ന് പൂജകളുണ്ടാകില്ല.

നാളെ (ഡിസംബർ 31) മുതലാണ് പൂജകളും നെയ്യഭിഷേകവും. ജനുവരി 15നാണ് മകരവിളക്ക് മഹോത്സവം. പുലർച്ചെ 2.30നു മകരസംക്രമ പൂജ നടക്കും. ജനുവരി 19വരെ നെയ്യഭിഷേകമുണ്ടാകും. 20വരെ ഭക്തർക്ക് ദർശനം നടത്താം. 21നു രാവിലെ ഏഴിന് നട അടയ്ക്കും.

മകരവിളക്ക് മഹോത്സവത്തിന് ഒരുക്കങ്ങൾ വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ പൂർത്തിയായി. ഈ തീർത്ഥാടന വേളയിൽ ശബരിമലയിൽ സുരക്ഷയും ദുരന്തനിവാരണവും ഉറപ്പാക്കാൻ ജില്ലാ കളക്ടർ ചെയർമാനായ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ മേൽനോട്ടത്തിൽ പൊലീസ്, ഫയർ ആൻഡ് റെസ്ക്യൂ, എൻ ഡി ആർ എഫ്, ആർ എ എഫ് തുടങ്ങി സേനാവിഭാഗങ്ങളും ഫോറസ്റ്റ്, ഹെൽത്ത് വകുപ്പുകളും അയ്യപ്പ സേവ സംഘം, വിശുദ്ധിസേനയും എന്നിവ സുസജ്ജമായി രംഗത്തുണ്ട്.

(പി.ആർ. ശബരി-251)

# ആഴിയിലെ കരി നീക്കി, തയ്യാറെടുപ്പുകൾ പൂർണം

ശബരിമല: 41 ദിവസത്തെ മണ്ഡലകാല തീർത്ഥാടനത്തിനുശേഷം സന്നിധാനത്തെ ആഴിയിലെ കരി നീക്കം ചെയ്തു. മണിക്കൂറുകൾ നീണ്ട യത്നത്തിനൊടുവിൽ പൊതുമരാമത്ത് വിഭാഗത്തിന്റെ നേതൃത്വത്തിൽ വിശുദ്ധി സേനയുടെ സഹായത്തോടെയാണ്
കരി നീക്കം ചെയ്തത്.

നെയ്ത്തേങ്ങയിൽ നിന്ന് നെയ്യ് അഭിഷേകത്തിനായി മാറ്റിയ ശേഷമുള്ള തേങ്ങയാണ് ഭക്തർ ആഴിയിലെ ഹോമകുണ്ഡത്തിൽ സമർപ്പിക്കുന്നത്. പതിനെട്ടാംപടിക്കു മുന്നിലായി സ്ഥിതി ചെയ്യുന്ന ആഴി 2017ൽ നവീകരിച്ചിരുന്നു. ചൂടുകൂടിയ കരി ഉയർന്ന് അപകടമുണ്ടാകുന്നതു തടയാനും ആഴിയുടെ ഭിത്തിക്ക് കേടപാടുണ്ടാകുന്നത് ഒഴിവാക്കാനുമാണ് പൊതുമരാമത്ത് വകുപ്പ് പുതിയ സംവിധാനം ഒരുക്കിയത്.

കരി പൊങ്ങുമ്പോൾ ചതുരാകൃതിയിലുള്ള ആഴിക്ക് ഉൾവശത്ത് സ്ഥാപിച്ച പൈപ്പിൽ നിന്നും വെള്ളം ചീറ്റി ചൂടു ക്രമീകരിക്കും. ഇതിനായി ആഴിക്ക് പുറത്ത് വാൽവുണ്ട്. വെള്ളം ചീറ്റുമ്പോൾ ചാരം അടിഭാഗത്തു കൂടി
വലിയ നടപന്തലിലെ ഓടയിലൂടെ ഒഴുക്കി കളയും. അവശേഷിക്കുന്ന ചിരട്ടക്കരി ശേഖരിച്ച് ലേലത്തിൽ വിൽക്കുകയാണ് പതിവ്. പ്രധാനമായും സ്വർണ്ണപ്പണിക്കും പെയിന്റ് നിർമാണത്തിനുമാണ് ആഴിയിൽ നിന്നുള്ള ചിരട്ടക്കരി ഉപയോഗിക്കുന്നത്.

മണ്ഡലക്കാലത്തിനുശേഷം നട അടച്ചപ്പോൾ ലഭിച്ച ഇടവേളയിൽ ജലവിതരണ പൈപ്പുകളിലെ ചോർച്ച നീക്കുന്നതുൾപ്പടെ അറ്റകുറ്റപ്പണികൾ വാട്ടർ അതോറിറ്റി തീർത്തു. എല്ലാ ജലവിതരണ സംവിധാനങ്ങളും പരിശോധിക്കുകയും ചെയ്തു. കെ.എസ്.ഇ.ബി യുദ്ധകാലാടിസ്ഥാനത്തിൽ വൈദ്യുതി വിതരണത്തിലെ ന്യൂനതകൾ പരിഹരിച്ചു. കേടായ ട്യൂബ് ലൈറ്റുകൾ മാറ്റിസ്ഥാപിച്ചു. മറ്റുസംവിധാനങ്ങൾ പരിശോധിച്ച് പ്രവർത്തനക്ഷമത ഉറപ്പാക്കി.

സന്നിധാനവും പരിസരവും മുക്കുംമൂലയും പോലും ഒഴിവാകാതെ ശുചീകരണ പ്രവർത്തനങ്ങളുടെ അന്തിമഘട്ടത്തിലാണ് വിശുദ്ധി സേനാംഗങ്ങൾ. തിരക്ക് മൂലം പൂർണ്ണമായി വൃത്തിയാക്കാൻ കഴിയാതിരുന്ന തീർഥാടക പാത ശുചീകരിക്കുന്നതിലാണ് വിശുദ്ധിസേന കൂടുതൽ ശ്രദ്ധയൂന്നിയത്. ശബരിമല പരിസരത്ത് മാത്രം 290 വിശുദ്ധിസേനാംഗങ്ങൾ കർമ്മനിരതരായിട്ടുണ്ട്. സന്നിധാനത്തിന് പുറമേ പമ്പ, നിലയ്ക്കൽ, പന്തളം, കുളനട എന്നിവിടങ്ങളിലായി മൊത്തം 900 വിശുദ്ധിസേനാംഗങ്ങൾ സേവനം ചെയ്യുന്നു.

പുണ്യം പൂങ്കാവനം സംരംഭത്തിന്റെ ശുചിത്വപ്രവർത്തനങ്ങളും മുറയ്ക്ക് നടക്കുന്നു. വലിയ നടപ്പന്തലിൽ പുണ്യം പൂങ്കാവനത്തിന്റെ സന്ദേശങ്ങൾ അറിയിക്കുന്ന വീഡിയോവാൾ ഇന്ന് (ഡിസംബർ 30) സ്ഥാപിക്കും. മകരവിളക്ക് മഹോത്സവത്തിനുള്ള അരവണ, അപ്പം എന്നിവയുടെ നിർമാണവും പായ്ക്കിംഗും മുറയ്ക്ക് നടക്കുന്നുണ്ട്. കൊപ്ര കളത്തിന്റെ പ്രവർത്തനവും പൂർണ്ണസജ്ജമാണ്.

(പി.ആർ. ശബരി-252)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 29 | 2019 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-2


ഫോൺ : 04735-202664

www.sabarimal.kerala.gov.in, prdsabarimala2020@gmail.com


---

### *അയ്യപ്പസവിധത്തിന്റെ ശുചിത്വത്തിനു കാവലായി 'പുണ്യം പൂങ്കാവനം'*

ശബരിമല:അയ്യപ്പസവിധത്തിന്റെ ചൈതന്യത്തിനൊത്ത പരിസര ശുചിത്വവും ശുദ്ധിയും പരിപാലിക്കുന്നതിൽ 'പുണ്യം പൂങ്കാവനം'പദ്ധതി വഹിക്കുന്ന പങ്കിന് സമാനതകളോ സാദൃശ്യങ്ങളോ ഇല്ല.'ഉത്തരവാദിത്വത്തോടും അവബോധത്തോടുമുള്ള തീർത്ഥാടനത്തിനായുള്ള സംരംഭം'എന്ന സ്വന്തം ആപ്തവാക്യത്തെ അക്ഷരാർത്ഥത്തിൽ യാഥാർഥ്യമാക്കുകയാണ് 'പുണ്യം പൂങ്കാവനം'.

മാലിന്യം പ്രത്യേകിച്ച് പ്ലാസ്റ്റിക് നിർമ്മാർജ്ജനം ചെയ്യുക, പമ്പാനദി സംരക്ഷിക്കുക, ശബരിമലയിൽ എത്തുന്നവരെല്ലാം ശുചീകരണം നടത്തുക, അച്ചടക്കം പാലിക്കുക, നന്മയുടെ വിത്ത് വിതറുക തുടങ്ങിയ ലക്ഷ്യങ്ങളോടെ 2010-11 മണ്ഡലക്കാലത്താണ് 'പുണ്യം പൂങ്കാവനം'പദ്ധതിക്കു തുടക്കം. ഇപ്പോഴത്തെ അഡ്മിനിസ്ട്രേഷൻ ഐജി പി വിജയൻ ഐ പി എസിന്റെ ആശയമായിരുന്നു ഇത്.

അന്നദ്ദേഹം ഇവിടെ സ്പെഷ്യൽ ഓഫീസറാണ്. സ്വാമിയുടെ പൂങ്കാവനം എപ്പോഴും ശുചിയായിരിക്കാൻ സന്നിധാനത്ത് ജോലിക്ക് എത്തുന്നവരും ദർശനത്തിന് എത്തുന്നവരും ചേർന്ന് രാവിലെ ഒൻപതുമുതൽ പത്തുവരെ ഒരുമണിക്കൂർ ശുചീകരണപ്രവർത്തനങ്ങൾ നടത്തുക എന്നതാണ് അദ്ദേഹം മുന്നോട്ട് വച്ച നിർദേശം. മരക്കൂട്ടം മുതൽ പാണ്ടിത്താവളം വരെ സ്വാമിയുടെ പൂങ്കാവനം 14 മേഖലകളായി

തിരിച്ചു. ഓരോ മേഖലയിലേക്കും തീർത്ഥാടകരെയും ആർ എ എഫ്, എൻ ഡി ആർ എഫ്, പൊലീസ്, ഫയർ ഫോഴ്സ്, എക്സൈസ്, ഫോറസ്റ്റ്, കെ എസ് ഇ ബി, ഹെൽത്ത്, വാട്ടർ അതോറിറ്റി, റവന്യു, ബി എസ് എൻ എൽ, ദേവസ്വം ബോർഡ്, അയ്യപ്പസേവ സംഘം, അയ്യപ്പസേവ സമാജം തുടങ്ങി എല്ലാവിഭാഗം ജോലിക്കാരെയും നിയോഗിച്ചു.

എല്ലാവരെയും ഉൾച്ചേർത്തുള്ള പൊതുസംരംഭത്തിന് വൻസ്വീകാര്യതയാണ് ലഭിച്ചത്. പ്ലാസ്റ്റിക്കും മറ്റുമാലിന്യങ്ങളും പെരുകുന്ന ഒരുവേളയിൽ അതൊരു മാതൃകാപദ്ധതിയായി. ഇപ്പോൾ എട്ടുവർഷം പിന്നിടുമ്പോൾ 'പുണ്യം പൂങ്കാവനം' പദ്ധതി കൈവരിച്ചിരിക്കുന്നത് ക്രമാനുഗതമെങ്കിലും വൻവളർച്ച. കേരളത്തിലെ വിവിധ ഭാഗങ്ങൾക്കുപുറമെ തമിഴ്നാട്, കർണാടക, ആന്ധ്രപ്രദേശ്, തെലങ്കാന, ന്യൂഡൽഹി എന്നീ സംസ്ഥാനങ്ങളിലും സിംഗപ്പൂർ, അബുദാബി, ബഹ്റൈൻ, മലേഷ്യ രാജ്യങ്ങളിലും വേരാഴ്ത്തിയിട്ടുണ്ട് 'പുണ്യം പൂങ്കാവനം'.

ശബരിമലയിൽ പതിവായി എത്താറുള്ള അയ്യപ്പന്മാർക്കാണ് മറ്റിടങ്ങളിലെ 'പുണ്യം പൂങ്കാവനം'കേന്ദ്രങ്ങളുടെ മേൽനോട്ടമെന്നു മുൻ പൊലീസ് ഉദ്യോഗസ്ഥനും പദ്ധതിയുടെ മുൻ കോ-ഓർഡിനേറ്ററും യൂണിറ്റ് ചുമതലക്കാരനായ മോഹൻകുമാർ വിശദീകരിക്കുന്നു. ഇവിടേക്ക് എത്താനിടയുള്ള മാലിന്യങ്ങൾ പ്രത്യേകിച്ച് പ്ലാസ്റ്റിക് തുടക്കത്തിലേ ഇല്ലാതാക്കുന്ന പ്രവർത്തനമാണ് ഇത്തരം കേന്ദ്രങ്ങൾ നടത്തുന്നത്. സംസ്ഥാന ഭരണകൂടത്തിന്റെ അകമഴിഞ്ഞ പിന്തുണയുള്ള പദ്ധതിയെ പ്രധാനമന്ത്രി ഏറെ പ്രശംസിക്കുകയുണ്ടായി.'പുണ്യം പൂങ്കാവന'ത്തിന്റെ സന്ദേശം രാജ്യമെമ്പാടും പ്രചരിപ്പിക്കാൻ 22 സംസ്ഥാനങ്ങളിലൂടെ, 12000 കിലോമീറ്റർ താണ്ടി നടത്തിയ യാത്ര ഏറെ ശ്രദ്ധ പിടിച്ചുപറ്റി.

നോഡൽ ഓഫീസർ പി വിജയൻ ഐ എ എസ് നയിക്കുന്ന 'പുണ്യം പൂങ്കാവന'ത്തിന്റെ സന്ദേശങ്ങൾ ദൃശ്യ സഹായത്തോടെ പ്രചരിപ്പിക്കുന്ന വീഡിയോവാൾ വലിയ നടപ്പന്തലിൽ ഇന്ന്(ഡിസംബർ 30) സ്ഥാപിക്കും.

(പി.ആർ. ശബരി-253)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.